പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1803 — 10.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്.

## മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് | | ശ്രീമതി. കെ.കെ.ശൈലജ<br>ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി | |
| (എ) | മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തു മസ്തിഷ്ക മരണ സ്ഥിരീകരണം നിലവിൽ സർക്കാർ നിരീക്ഷണത്തിലാണ് നടക്കുന്നത്. 1994 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THO Act, 1994 ) ലെ എല്ലാ നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് മസ്തിഷ്ക മരണ സ്ഥിരീകരണം രോഗികളിൽ നടത്തി വരുന്നത്. കൂടാതെ 19/01/2020 ലെ ജി.ഒ (എംഎസ്) നം.07/2020/ആ.കു.വ പ്രകാരം ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ അവയവദാന പദ്ധതിയായ മൃതസഞ്ജീവനിക്ക് സഹായകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. കേരളത്തിൽ മുൻപ് മസ്തിഷ്ക മരണ സ്ഥിരീകരണം നടന്നിരുന്നത് രോഗിയുടെ ബന്ധുക്കൾ അവയവ ദാനത്തിനു സമ്മതം നൽകുമ്പോൾ മാത്രമായിരുന്നു. മസ്തിഷ്ക മരണ സ്ഥിരീകരണം നടത്തിയ രോഗികളുടെ ബന്ധുക്കൾ അവയവ ദാനത്തിനു സമ്മതം നൽകിയില്ലെങ്കിൽ തുടർനടപടി എന്തായിരിക്കണം എന്ന ആശങ്കയും ഡോക്ടർമാരിൽ ഉണ്ടായിരുന്നു. കൂടാതെ മസ്തിഷ്ക മരണം സംഭവിച്ച രോഗികളെ ദീർഘനാൾ വെന്റിലേറ്റർ സഹായത്തോടെ കിടത്തി ചികിത്സിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 19/01/2020 ലെ ജി.ഒ (എംഎസ്) നം.07/2020/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് ഇക്കാര്യങ്ങളിലെല്ലാം വ്യക്തത വരുത്തിയിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണത്തിനു ശേഷം രോഗിയുടെ ബന്ധുക്കളെ അവയവദാനത്തിന്റെ സാധ്യത അറിയിച്ചതിനു ശേഷം അവർ അനുവാദം നൽകുകയാണെങ്കിൽ മരണാനന്തര അവയവ ദാനവുമായി മുന്നോട്ടു |

| | | | |
|---|---|---|---|
| | | | പോകാവുന്നതാണ്. ഇത് മൃതസഞ്ജീവനി പദ്ധതിയ്ക്ക് സഹായകരമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ